"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം, ശ്രീനാരായണപുരം ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ഹിന്ദി) ശ്രീമതി. ജെനനി.ജെ.ആർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.19761/2022 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 18.12.2023- ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2742/2024/GEDN തീയതി,തിരുവനന്തപുരം, 20-04-2024

പരാമർശം:-

1. ശ്രീമതി. ജെനനി.ജെ.ആർ സമർപ്പിച്ച 03.11.2023 ലെ ഹർജി (Ext P7)
2. ശ്രീമതി.ജെനനി.ജെ.ആർ ഫയൽ ചെയ്ത WP(C)No.19761/2022 കേസിലെ വിധിന്യായം
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 02.03.2024 ലെ ടി.ആർ.ഒ-10/M4259/2022/ആർ.ഡി.ഡി/എച്ച്.എസ്.ഇ നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.03.2024 ലെ എസിഡി.ബി 3/3952/2024/എച്ച്.എസ്.ഇ നമ്പർ കത്ത്

ഉത്തരവ്

കൊല്ലം ജില്ലയിലെ ശ്രീനാരായണപുരം ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ഹിന്ദി) ശ്രീമതി. ജെനനി.ജെ.ആർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP © നം. 19761/2022-ന്റെ 18.12.2023-ലെ വിധിന്യായത്തിൽ ഹർജിക്കാരിയെയും സ്കൂൾ മാനേജരെയും മൂന്ന് മാസത്തിനകം നേരിൽ കേട്ട് ടിയാൾ ഫയൽ ചെയ്ത എക്സിപിറ്റ് പി7 റിവിഷൻ ഹർജിയിൽ തീരുമാനമെടുക്കുവാൻ ഒന്നാം എതിർകക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം

നൽകിയിരുന്നു. ആയതു പ്രകാരം ബന്ധപ്പെട്ട കക്ഷികളെ 5.3.2024-ൽ നേരിൽ കേട്ടു.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:

ഹർജിക്കാരിക്ക് ഹിന്ദി ഭൂഷൺ, ഹിന്ദി സാഹിത്യ ആചാര്യ ബി.എ ഹിന്ദി, എം.എ ഹിന്ദി, ഡിപ്ലോമ ഇൻ ഹിന്ദി ടീച്ചിംഗ് എന്നീ യോഗ്യതകളുണ്ടായിരുന്നതും അപ്രകാരം ഹിന്ദി അദ്ധ്യാപികയായി നിയമിക്കുന്നതിന് പൂർണ്ണയോഗ്യതയുണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇരവിപുരം ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (ഹിന്ദി) അദ്ധ്യാപികയായിരുന്ന ശ്രീമതി.രത്നമ്മ വിരമിച്ച ഒഴിവിൽ എച്ച്.എസ്.ടി (ഹിന്ദി) അദ്ധ്യാപികയായി 23.10.2003-ൽ ഹർജിക്കാരിയെ നിയമിച്ചിരുന്നതും ആയത് ജില്ല വിദ്യാഭ്യാസ ഓഫീസർ കൊല്ലം കാര്യാലയത്തിലെ ബി6/4715/2010/കെ.ഡിസ് ഉത്തരവ് പ്രകാരം 1.6.2010 മുതൽ അംഗീകരിച്ച് നിൽകിയിരുന്നതുമാണ്. നിയമന തീയതിയായ 23.10.2003 മുതൽ നിയമന അംഗീകാരം കിട്ടുന്നതിനായി ഞാൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ 119645/11-)0 നമ്പരായി റിട്ട് ഹർജി ബോധിപ്പിച്ചിരുന്നതുമാണ്. ടി ഉത്തരവ് പ്രകാരം 23.10.2003-ലെ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം ബഹു.സുപ്രീം കോടതി ശരിവച്ചതിനാലും നിയമന തീയതി മുതൽ എനിക്ക് നിയമനത്തിന് അർഹതയുണ്ടെന്ന് ബഹു. സുപ്രീം കോടതി കണ്ടെത്തിയതിനാലും എന്റെ നിയമനം 23.10.2003 മുതൽ അംഗീകരിക്കുവാനും 23.10.2003 മുതൽ 31.5.2010 വരെ അടിസ്ഥാന ശമ്പളം ഒഴികെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുവാനും ഉത്തരവ് ഉണ്ടായിട്ടുള്ളതാണ്.

തുടർന്ന് ഞാൻ 1.7.2020-ൽ WP © 13240/20ാം നമ്പരായി ബഹു.കേരള ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ബോധിപ്പിച്ചിരുന്നതും ആയതിൽ 2 പരിഹാരങ്ങൾ ആവശ്യപ്പെട്ടിരുന്നതും 1ാമത്തെ പരിഹാരം എന്റെ നിയമനം അഗീകരിക്കുന്നതിന് 3ാം എതിർകക്ഷിയായിരുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററിയെ നിർദ്ദേശിക്കുന്നതിനും ഹർജിയിലെ 6ാം എതിർകക്ഷിയായിട്ടുള്ള ജെസ്സി.എം.ജെ യുടെ നിയമനം റദ്ദ് ചെയ്യുന്നതിനും വേണ്ടിയായിരുന്നു. രണ്ടാമത്തെ പരിഹാരം ഹർജിയിലെ 5ാം എതിർ കക്ഷിയോട് എന്റെ ബില്ലിലെ അരിയേഴ്സ് നൽകുന്നതിന് നിർദ്ദേശിക്കുവാനും ആയിരുന്നു. അപ്രകാരം ഇരിക്കെ 30.7.2020-ൽ ഹർജിയിലെ 4ാം എതിർകക്ഷിയായിരുന്ന ഇരവിപുരം സ്കൂൾ മാനേജർ ടി സ്കൂളിൽ എച്ച്.എസ്.എസ്.ടി (ഹിന്ദി) ആയി നിയമന ഉത്തരവ് എനിക്ക് നൽകിയിരുന്നതുമാണ്. തുടർന്ന് എന്റെ അപേക്ഷയുടെയും സ്കൂൾ മാനേജരുടെ കത്തിന്റെയും അടിസ്ഥാനത്തിൽ

27.7.2021-ൽ ടി സ്കൂളിൽ എച്ച്.എസ്.എസ്.ടി (ഹിന്ദി) ആയി ചുമതല ഏൽക്കുന്നതിന് ബഹു. ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ വിടുതൽ ഉത്തരവ് നൽകുന്നതിന് അനുമതി കൊടുത്തിരുന്നതുമാണ്. കുട്ടികളുടെ കുറവ് മൂലം ഡിവിഷൻ കുറഞ്ഞ കാരണത്താൽ എസ്.എസ്.കെ യിൽ ജോലി ചെയ്യുകയുണ്ടായി. കൊല്ലം എസ്.എസ്.കെ യിൽ ഡി.ഡി യുടെ ഉത്തരവ് പ്രകാരം വിടുതൽ ചെയ്ത ശേഷം ബഹു.ഡി.ഡി യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു.മാനേജർ എച്ച്.എസ്.എസ്.ടി (ഹിന്ദി) അദ്ധ്യാപികയായി ജോലിയിൽ പ്രവേശിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തിരുന്നതാണ്.

തുടർന്ന് ഞാൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചിരുന്ന WP © 13240/20ാാം നമ്പർ ഹർജി 4.8.2021 തീയതിയിൽ വാദം കേൾക്കുന്നതിനായി എടുത്തിരുന്നതുമാണ്. ടി ഹർജിയിൽ യഥാക്രമം 1,2,3,5 എതിർകക്ഷികളായിരുന്നതും കേരള സർക്കാരിനു വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിംഗ്, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി, ജില്ല വിദ്യാഭ്യാസ ഓഫീസർ, കൊല്ലം എന്നിവർ ടി ഹർജിയിൽ ഹാജരായി എതിർ സത്യവാങ്മൂലം ബോധിപ്പിക്കുകയോ എച്ച്.എസ്.എസ്.ടി (ഹിന്ദി) ആയിട്ടുള്ള എന്റെ നിയമനത്തിന് എതിരെ തർക്കങ്ങൾ ഉന്നയിക്കുകയോ ചെയ്തിട്ടില്ലാത്തതാകുന്നു. എന്നാൽ ടി ഹർജിയിലെ 3ാാം എതിർകക്ഷിയുടെ ഓഫീസിൽ നിന്ന് 1.6.2022 തീയതിയിലെ ടി.ആർ.ഒ-10/3231/2022/ആർ.ഡി.ഡി/എസ്.എസ്.ഇ ഉത്തരവ് പ്രകാരം എന്റെ എച്ച്.എസ്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമന അംഗീകാര അപേക്ഷ നിരസിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവിനെതിരെ ഞാൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP © നമ്പർ 19761/22ാാം നമ്പരായി ഹർജി ബോധിപ്പിച്ചിരുന്നതും ടി ഹർജിയിലെ ഉത്തരവ് പ്രകാരം ടി ഹർജിയിലെ വസ്തുതകൾ ബഹുമാനപ്പെട്ട ഈ അതോറിറ്റി പരിഗണിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

WP © 13240/20ാാം നമ്പർ റിട്ട് ഹർജിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഞാൻ WP © 19761/22-ാാം നമ്പർ ഹർജി ബോധിപ്പിച്ചത്. WP © 13240/20-ാാം നമ്പർ ഹർജിയിലെ ഉത്തരവിനെതിരെ നാളിതുവരെ യാതൊരുവിധ തർക്കങ്ങളും ഉന്നയിച്ചിട്ടില്ലാത്തതുമാണ്. അപ്രകാരമിരിക്കെ 1.6.2022-ലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഹയർസെക്കന്ററിയുടെ ഉത്തരവിന് നിയമസാദ്ധ്യത ഇല്ലാത്തതുമാണ്. 4.8.2021-ലെ ഉത്തരവ് വന്ന് 30 മാസങ്ങൾക്ക് ശേഷം ടി ഉത്തരവിന് ആധാരമായ വസ്തുതകളെ സംബന്ധിച്ച് ഉന്നയിക്കുന്ന തർക്കങ്ങൾ തുടക്കം മുതൽ തന്നെ നിയമപരമായി നിലനിൽക്കത്തക്കതല്ലാത്തതാകുന്നു.

എച്ച്.എസ്.എസ്.ടി (ഹിന്ദി) ആയിട്ടുള്ള എന്റെ നിയമന ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതും ആയത് നിരസിച്ചു കൊണ്ടുള്ള 1.6.2022-ലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററിയുടെ ഉത്തരവ് നിലനിൽക്കാത്തതുമാകുന്നു. ആകയാൽ ബഹുമാനപ്പെട്ട സമക്ഷത്തിലെ ദയവുണ്ടായി 1.6.2022-ലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററിയുടെ എന്റെ നിയമന അംഗീകാര അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് ഏകപക്ഷീയവും നിയമപരമല്ലാത്തതും ആയത് സ്വാഭാവിക നീതിയുടെ നിഷേധവുമാണ് എന്ന് കണ്ട് ആയത് പിൻവലിക്കുന്നതിന് നിർദ്ദേശിച്ചും എന്റെ എച്ച്.എസ്.എസ്.ടി (ഹിന്ദി) നിയമനം, നിയമന തീയതി മുതൽ അംഗീകരിച്ചും എനിക്ക് കിട്ടേണ്ട ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഏറ്റവും പെട്ടെന്ന് തന്നെ തരുന്നതിന് അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

നിർദ്ദേശം നൽകിയിട്ടും സ്കൂൾ മാനേജർ ഹിയറിംഗിൽ പങ്കെടുക്കുകയോ വാദമുഖ പത്രിക ഹാജരാക്കുകയോ ചെയ്തിട്ടില്ല. നിലവിലെ മാനേജർ അല്ല ഹർജിക്കാരിയെ നിയമിച്ചതെന്നും, ഇക്കാര്യത്തിൽ പ്രത്യേകിച്ച് മറുപടി ഒന്നും നൽകാനില്ലെന്നും ഫോൺ മുഖാന്തിരം അറിയിച്ചു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം എന്നിവർ ലഭ്യമാക്കിയ സമാനമായ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്:

കൊല്ലം ഉഹാനന്ദപുരം ഹയർസെക്കന്ററി സ്കൂളിലെ പുനർവിന്യസിക്കപ്പെട്ട ഹൈസ്കൂൾ ഹിന്ദി അധ്യാപികയായ ശ്രീമതി ജെനനി.ജെ.ആർ ന്റെ നിയമനാംഗീകാര അപേക്ഷ 13.08.2021-ൽ ആണ് തിരുവനന്തപുരം ആർ.ഡി.ഡി ഓഫീസിൽ ലഭ്യമായത്. പ്രസ്തുത ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി രുഗ്മിണി അമ്മ 31.03.2020ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേയ്ക്കാണ് ശ്രീമതി ജനനി.ജെ.ആർ നെ സ്കൂൾ മാനേജർ തസ്തികമാറ്റ നിയമനം നൽകി നിയമിച്ചത്. പ്രസ്തുത അപേക്ഷ 03.12.2021ലെ റ്റി.ആർ.ഒ-10/4357/2021/ആർഡിഡി/എച്ച്.എസ്.ഇ നമ്പർ കത്ത് പ്രകാരം ന്യൂനതകൾ അറിയിച്ച് തിരുവനന്തപുരം ആർ ഡി ഡി ഓഫീസിൽ നിന്നും സ്കൂൾ മാനേജർക്ക് തിരികെ നൽകുകയുണ്ടായി. നിയമനാംഗീകാര അപേക്ഷയിലോ, നിയമന ഉത്തരവിലോ ശ്രീമതി ജെനനി ജെ.ആർ പുനർവിന്യസിക്കപ്പെട്ട അധ്യാപികയാണ് എന്ന വിവരം സ്കൂൾ മാനേജർ അറിയിച്ചിരുന്നില്ല. തുടർന്ന് 30.12.2021-ൽ സ്കൂൾ മാനേജർ ടിയാരിയുടെ നിയമനാംഗീകാര അപേക്ഷ പുനഃസമർപ്പിച്ചു. പ്രസ്തുത അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന ഹൈസ്കൂൾ വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി ജെനനി.ജെ.ആർ ന്റെ പേര് ഉൾപ്പെട്ടിരുന്നില്ല.

പ്രസ്തുത ന്യൂനത കൂടി കണക്കിലെടുത്ത് 15.02.2022 തീയതിയിലെ റ്റി.ആർ.ഒ-10/4357/2021/ആർ.ഡി.ഡി/എച്ച്.എസ്.ഇ നമ്പർ കത്ത് പ്രകാരം ശ്രീമതി ജെനനി.ജെ.ആർ ന്റെ നിയമനാംഗീകാര അപേക്ഷ വീണ്ടും മാനേജർക്ക് തിരികെ നൽകുകയുണ്ടായി.

തുടർന്ന് 22.04.2022-ൽ സ്കൂൾ മാനേജർ ടിയാരിയെ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള സീനിയോറിറ്റി ലിസ്റ്റ് സഹിതം അപേക്ഷ പുനഃസമർപ്പിച്ചു. ആയതിനൊപ്പം സമർപ്പിച്ചിരുന്ന 30.07.2021ലെ സ്കൂൾ പ്രിൻസിപ്പാളിനു മാനേജർ എഴുതിയ 8എ/2021-22 നമ്പർ കത്തിലാണ് ശ്രീമതി ജനനി ജെ.ആർ പുനർവിന്യസിക്കപ്പെട്ട അധ്യാപികയാണ് എന്ന പരാമർശമുള്ളത്. ആയതിലും മാതൃസ്കൂളിൽ എച്ച്എസ്.എ തസ്തികയിൽ ടിയാരി ജോയിൻ ചെയ്തോ എന്നും വ്യക്തമല്ല. 22.05.2019ലെ 335/റ്റി2/2018/പൊ.വി.വ നമ്പർ കത്തിൽ പുനർവിന്യസിക്കപ്പെട്ട അധ്യാപകരുടെ തസ്തികമാറ്റ നിയമനം സംബന്ധിച്ച് സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കത്തിൽ സംരക്ഷിത അധ്യാപികയായി മറ്റൊരു സ്കൂളിൽ സേവനമനുഷ്ഠിച്ച കാലം സീനിയോറിറ്റിക്ക് പരിഗണിക്കണമെങ്കിൽ മാതൃ സ്കൂളിൽ പുനഃപ്രവേശിക്കണമെന്നും, ആയതിന് പ്രസ്തുത സ്കൂളിൽ തസ്തികയുണ്ടാകണമെന്നും, അപ്രകാരം മാതൃസ്കൂളിൽ പുനഃപ്രവേശിച്ചിട്ടുണ്ടെങ്കിൽ മാത്രമേ തസ്തികമാറ്റ നിയമനത്തിനും അർഹതയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. സമാന വിഷയത്തിൽ സർക്കാർ നിർദ്ദേശം നിലനിൽക്കുന്നതിൽ ആയത് അനുസരിച്ചുമാത്രമേ ആർ.ഡി.ഡി ക്ക് തീരുമാനങ്ങൾ എടുക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ തന്നെ 01.06.2022-ലെ റ്റി.ആർ.ഒ-10/3231/2022/ആർഡിഡി/എച്ച്.എസ്.ഇ നമ്പർ കത്ത് പ്രകാരം ഈ വിവരങ്ങൾ ചൂണ്ടിക്കാട്ടിയാണ് ശ്രീമതി ജെനനി.ജെ.ആർ ന്റെ നിയമനാംഗീകാര അപേക്ഷ നിരസിച്ചത്.

4. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഉഹാനന്ദപുരം എച്ച്.എസ്.എസ്-ൽ എച്ച്.എസ്.ടി (ഹിന്ദി) അദ്ധ്യാപികയായി 23.10.2003-ൽ നിയമിതയായ ശ്രീമതി. ജെനനി.ജെ.ആർ-ന്റെ നിയമനം 1.6.2010 മുതൽ കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ളതും, തുടർന്ന്, ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനം 23.10.2003 മുതൽ അംഗീകരിച്ചും, 23.10.2003 മുതൽ 31.5.2010 വരെയുള്ള കാലയളവിലെ ശമ്പളം ഒഴികെയുള്ള ആനുകൂല്യം മാത്രം അനുവദിച്ചുകൊണ്ടും 21.1.2020-ൽ കൊല്ലം ജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഹർജിക്കാരിയെ ടി സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ

നിലവിൽ വന്ന എച്ച്.എസ്.എസ്.ടി (ഹിന്ദി) തസ്തികയിൽ 15.7.2021 മുതൽ നിയമിച്ചുകൊണ്ട് മാനേജർ നിയമന ഉത്തരവ് നൽകുകയും, മാനേജരുടെയും സംരക്ഷിതാദ്ധ്യാപികയായ ഹർജിക്കാരിയുടെയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ ടിയാളെ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ നൽകുന്നതിന് എസ്.എസ്.കെ കൊല്ലം ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് അനുമതി നൽകി കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ 27.7.2021-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും, ആയതിൻ പ്രകാരം ഹർജിക്കാരി 30.7.2021-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 13.8.2021-ൽ ടിയാളുടെ നിമനാംഗീകാര അപേക്ഷ തിരവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ലഭ്യമായി. നിയമനാംഗീകാര അപേക്ഷയിലോ നിയമന ഉത്തരവിലോ ശ്രീമതി. ജെനനി പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപികയാണെന്ന വിവരം സ്കൂൾ മാനേജർ അറിയിച്ചിരുന്നില്ല. ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെട്ടിരുന്നില്ല, പുനർവിന്യസിക്കപ്പെട്ട ശേഷം ടിയാൾ മാതൃ സ്കൂളിൽ ജോയിൻ ചെയ്തോ എന്ന് വ്യക്തമല്ല തുടങ്ങിയ ന്യൂനതകൾ കണക്കിലെടുത്താണ് നിയമനാംഗീകാര അപേക്ഷ നിരസിച്ചതെന്ന് തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. 22.5.2019-ലെ 335/T2/2018/പൊ.വി.വ കത്ത് പ്രകാരം സംരക്ഷിത അദ്ധ്യാപകരായി മറ്റൊരു സ്കൂളിൽ സേവനമനുഷ്ഠിച്ച കാലം സീനിയോറിറ്റിക്ക് പരിഗണിക്കണമെങ്കിൽ മാതൃസ്കൂളിൽ പുന:പ്രവേശിക്കണമെന്നും, ആയതിന് പ്രസ്തുത സ്കൂളിൽ തസ്തികയുണ്ടാകണമെന്നും, അപ്രകാരം മാതൃസ്കൂളിൽ പുന:പ്രവേശിച്ചിട്ടുണ്ടെങ്കിൽ മാത്രമേ തസ്തികമാറ്റ നിയമനത്തിനും അർഹതയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഹർജിക്കാരിയുടെ നിയമനാംഗീകാര അപേക്ഷ നിരസിച്ചത്. മേൽ സർക്കാർ നിർദ്ദേശം പരിശോധിക്കാതെയാണ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ സംരക്ഷിതാദ്ധ്യാപികയായ ഹർജിക്കാരിയെ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ നൽകുന്നതിന് എസ്.എസ്.കെ കൊല്ലം ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

5. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 1.6.2022-ലെ ഉത്തരവ് റദ്ദാക്കണമെന്നും, ടിയാളുടെ 30.7.2021 മുതലുള്ള എച്ച്.എസ്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്നുമുള്ള കൊല്ലം ഗ്രഹാനന്ദപുരം എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.ടി (ഹിന്ദി)

സ.ഉ.(സാധാ) നം.2742/2024/GEDN

ശ്രീമതി. ജെനനി.ജെ.ആർ ന്റെ എക്സ്ബിറ്റ് പി7 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് തീർപ്പാക്കി അപ്രകാരം പരാമർശം (2) ലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

അഡിഷണൽ സെക്രട്ടറി

പകർപ്പ്: അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ , തിരുവനന്തപുരം

ശ്രീമതി. ജെനനി.ജെ.ആർ, എച്ച്.എസ്.എസ്.ടി (ഹിന്ദി), ഗ്രഹാനന്ദപുരം ഹയർ സെക്കന്ററി സ്കൂൾ, കൊല്ലം

മാനേജർ, ഗ്രഹാനന്ദപുരം ഹയർ സെക്കന്ററി സ്കൂൾ, കൊല്ലം

പ്രിൻസിപ്പൽ, ഗ്രഹാനന്ദപുരം ഹയർ സെക്കന്ററി സ്കൂൾ, കൊല്ലം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 20-04-2024 15:25:09

സെക്ഷൻ ഓഫീസർ